# പൂവിളികൾ

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc.,Ph.D.)*

വർഷം തകർക്കുമ്പോൾ
പഞ്ഞിക്കിടക്കയിൽ
ചൂടുതട്ടിക്കിടക്കവേ
ഞെട്ടിയുണർന്ന
പിച്ചുംപേയും ഉച്ചത്തിൽ:
"അച്ഛന്റെ പെങ്ങന്മാരെ
സ്വപ്ം കണ്ടു!"
മൃദുലസ്പർശത്തിൽ
അച്ഛൻ പറഞ്ഞു:
"നിനക്കു അമ്മായിമാരായി
എനിക്കു പെങ്ങന്മാർ ഉണ്ടായില്ലല്ലോ!"

മുറിഞ്ഞ ഉറക്കം
വീണ്ടും അലറിക്കരഞ്ഞു:
"ഇപ്പം മുത്തശ്ശിമാരെ
സ്വപ്നം കണ്ടു!"
പുറത്തു ശക്തിയോടെ തട്ടി
അച്ഛൻ പറഞ്ഞു:
"നീ ജനിക്കുന്നതിനു മുമ്പേ
മുത്തശ്ശിമാർ
മരിച്ചുകഴിഞ്ഞിരുന്നല്ലോ!"

നിദ്രാദേവിയുടെ മുതലക്ലിപ്പുകൾ
കടിവിട്ടു കൺപോള തഴയവെ
വിരലുകളിലെ ഉഷ്ണമാപിനി
നെറ്റിയിലെ തൊണ്ടയിടറലിൽ
തേങ്ങുന്നു അശരീരി വചനം:
"നഷ്ടവസന്ത അന്തിമലരുകൾ

**സ്ഫടികജല അക്കപ്പൂക്കളായ്**
**നേരത്തേയുണരും**
**ബ്രഹ്മലേഖാ മുഹൂർത്തത്തിൽ**
**മാല്യശ്രേണികൾ തീർക്കും!"**
****************************************